**WS 2 MM 101**

## തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

ക്ലാസ് **10** മലയാളം - അടിസ്ഥാനപാഠാവലി

### ഒറ്റവാക്കിൽ ഉത്തരം എഴുതുക

1 .' അപ്പോൾ നമ്മുടെ വേരുകളോ ?' ' അതും അമ്മയായ ഈ ഭൂമിയിൽ തന്നെ ' അടിവരയിട്ട പ്രയോഗത്തിന് ഏറ്റവും യോജിച്ചത് ?

* ചിന്തയും പ്രവർത്തനവും
* പാരമ്പര്യവും സംസ്കാരവും
* ദേശവും കാലവും
* സ്നേഹവും വിശ്വാസവും

2 . 'അവിടെങ്ങും നെല്ല് കണികാണാനില്ല . ഒള്ളോൻ വെളീ കാണിക്കത്തില്ല. രാത്രീല് ഏഴ് രൂപയാ വെല' കോരന്റെ അപ്പൻറെ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത് ?

പരിഹാസം , പരിഭവം , അമർഷം , അത്ഭുതം

### ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക

3 . ആ ദിവസം കോരന്റെ ജീവിതത്തിലെ സ്മരണീയ ദിവസമായിരുന്നു .അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അവൻ വീട്ടിക്കഴിഞ്ഞു . 'കൂലിയിലെ കടം ' എന്ന പ്രയോഗം സൂചിപ്പിക്കുന്നത് എന്താണ് ?

4 .'ചിരുത കൃതകൃത്യയായി '. അടിവരയിട്ട പദം സന്ദർഭത്തിനു നൽകുന്ന വിശേഷാർത്ഥം കുറിക്കുക

5 .'ഒരു വാക്കു കൊണ്ട് ഔസേപ്പ് ആ അപേക്ഷയെ നിഷേധിച്ചു'. ആരുടെ ഏത് അപേക്ഷയെ ആണ് ഇവിടെ പരാമർശിക്കുന്നത്

TVM EDL DIST

## അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

6 .'എത്രയെത്ര കോടി പറ നെല്ല് അയാൾ ഈ അറുപത്തിരണ്ട് വയസ്സിനിടയിൽ ഉണ്ടാക്കിയിരിക്കുന്നു . എത്ര നെല്ല് കൊയ്തു ; മെതിച്ചു .' 'അരിയിട്ടു തെളപ്പിച്ച വെള്ളം കുടിച്ചിട്ട് ദെവസം പത്തായി . കപ്പ തന്നെ കപ്പ.'

ഈ വാക്യങ്ങളിലൂടെ തെളിയുന്ന അക്കാലത്തെ കർഷകത്തൊഴിലാളികളുടെ ജീവിതാവസ്ഥ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക .

7 .രാത്രിയിൽ നടക്കുന്ന നെല്ല് വ്യാപാരത്തെ പരസ്യപ്പെടുത്താനുള്ള തീരുമാനത്തിൽ നിന്നും കോരൻ പിന്മാറാനുള്ള കാരണമെന്ത് ?

8 .'തമ്പ്രാ , ഏന് നെല്ല് കൂലി മതി . ചക്രം മേണ്ട .' കോരൻ ഇങ്ങനെ പറയാനുള്ള കാരണം എന്ത് ?

9 .പ്ലാവിലക്കഞ്ഞി എന്ന ശീർഷകം ഈ നോവൽ ഭാഗത്തിന് അനുയോജ്യമാണോ ? .പരിശോധിച്ചു കുറിപ്പ് തയ്യാറാക്കുക .

## ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക

10 . കഥാപാത്ര നിരൂപണം തയ്യാറാക്കുക – കോരൻ

സൂചകങ്ങൾ

- കഠിനാദ്ധ്വാനി
- കുടുംബസ്നേഹം
- പ്രതികരണ ശേഷിയുള്ള കർഷകൻ
- വർഗ്ഗബോധം